കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ടി.എസ്.ആർ(പി-4)1172/24
)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/09/2024
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ:
കെ.എസ്.എ.ടി.എസ്.ആർ(പി-4)1172/24
)

തീയ്യതി: 23/09/2024

തൃശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-11-2023 മുതൽ 29-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
റഫി ജോൺ	ഡെപ്യൂട്ടി ഡയറക്ടർ	30-07-2024	08-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
30-07-2024	08-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നിർമ്മൽ കെ.ജി,ഓഡിറ്റ് ഓഫീസർ

ശ്രീമതി.ബിന്ദു സി.വി. സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജോയ്സൻ സി.ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.സഫന എൻ.എസ്. ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ടി കെ ചന്ദ്രബാബു	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.സുരേഷ് കെ.ആർ	സെക്രട്ടറി	01-04-2023	21-08-2023
ശ്രീ.സുഹാസ് സി.എം	സെക്രട്ടറി-ഇൻ-ചാർജ്ജ്	22-08-2023	12-10-2023
ശ്രീ.ബിനോയ്.ടി	സെക്രട്ടറി	13-10-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സഖി എൽ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	13-07-2023
ശ്രീമതി.നിഷി പി. ദേവദാസ്	അസിസ്റ്റന്റ് എഞ്ചിനീയർ	14-07-2023	31-03-2024
ശ്രീ.സുഹാസ് സി.എം	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി.സചന	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ.സിബി സോമു	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ.നിതീഷ്.കെ.വി	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	01-04-2023	20-06-2023
ഡോ. രാഗി ആർ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	21-06-2023	31-03-2024
ശ്രീമതി.മഞ്ജുപി.എം	വില്ലേജ് എക്സ്റ്റൻഷൻഓഫീസർ(എടത്തിരുത്തിസർക്കിൾ)	01-04-2023	20-09-2023
ശ്രീമതി.ഷിനി പി.എം	വില്ലേജ് എക്സ്റ്റൻഷൻഓഫീസർ(എടത്തിരുത്തിസർക്കിൾ)	21-09-2023	31-03-2024
ശ്രീമതി.രാധിക.സി.ബി	വില്ലേജ് എക്സ്റ്റൻഷൻഓഫീസർ(ചെന്താപ്പിന്നിസർക്കിൾ)	01-04-2023	14-09-2023
ശ്രീമതി.പ്രജിത പ്രകാശ് കെ	വില്ലേജ് എക്സ്റ്റൻഷൻഓഫീസർ(ചെന്താപ്പിന്നിസർക്കിൾ)	15-09-2023	31-03-2024
ശ്രീമതി.ഷീബ സി.കെ	ഐ.ഡി.ഡി.എസ്സ്സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി.ഫാത്തിമ	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2023	06-06-2023
ശ്രീ.അശ്വി ൻ.രാജ് സി	ഫിഷറീസ് ഇൻസ്പെക്ടർ	07-06-2023	31-03-2024
ശ്രീമതി.മഞ്ജുളമനോഹരൻ	ഹെഡ്മിസ്ട്രസ്സ്	01-04-2023	01-03-2024
ശ്രീമതി.അതുല്യ	ഡയറിഫാംഇൻസ്ട്രക്ടർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	Directly Debited By Bank- 52,119/- രൂപ ഉൾപ്പെടുത്തി	1-1-3
5	Directly Credited By Bank”തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്	1-1-4
6	വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-1-5
7	വസ്തുനികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-1-6
8	ലൈബ്രറി സെസ്സ് പൊരുത്തമില്ല	1-1-7
9	രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല	1-1-8
10	കുടിശ്ശിക റെസിഡൻഷ്യൽ-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-1-9
11	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-10
12	വസ്തു നികുതി ഡിമാന്റ് ഒരു തവണമാത്രം രേഖപ്പെടുത്തി	1-1-11
13	വാടക ഡിമാന്റ് ചട്ടപ്രകാരം രേഖപ്പെടുത്തിയില്ല	1-1-12
14	ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്	1-1-13
15	മൂലധന ചെലവ് റവന്യു ചെലവായി രേഖപ്പെടുത്തി	1-1-14
16	Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല.	1-1-15
17	ഡിപ്രിസിയേഷൻ -വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്	1-1-16
18	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4,ബി -17പൊരുത്തമില്ല	1-1-17
19	അഡ്വാൻസ് തുകകൾ യഥാർത്ഥ ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.	1-1-18
20	B4 ഹെഡിലെ ശീർഷകത്തിന് തത്തുല്യമായ ശീർഷകം B17 ൽ ഇല്ല	1-1-19
21	ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുക കൃത്യമല്ല	1-1-20
22	ബജറ്റ്	1-2
23	ഫണ്ട് വിനിയോഗം	1-3
24	പദ്ധതി അവലോകനം	1-4
25	തൊഴിലുറപ്പ് പദ്ധതി	1-5
26	ക്ഷേമപെൻഷനുകൾ സംബന്ധിച്ച്	1-6
27	ക്യാഷ് ബാലൻസ് പരിശോധന	1-7
28	ആഭ്യന്തര നിയന്ത്രണം	1-8
29	മാലിന്യ സംസ്കരണം -അവലോകനം	1-9
30	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-10

31	അനധികൃത കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല.	1-11
32	മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല	1-12
33	പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്	1-13
34	ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ	1-14
35	കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി	1-15
36	മൊബൈൽ ടവർ നിർമ്മാണം - തുടർനടപടി വിവരം അറിയിക്കേണ്ടതാണ്	1-16
37	ലേലതുകകൾ ശരിയായ വരവ് ശീർഷകങ്ങളിൽ ക്രമീകരിക്കേണ്ടതാണ്	1-17
38	ട്യൂട്ടോറിയൽ സ്ഥാപനം FATEOS ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു	1-18
39	ലൈവ്സ്റ്റോക്ക് ഫാം അനധികൃതമായി പ്രവർത്തിക്കുന്നു	1-19
40	ബ്ലോക്ക് വിഹിതമായ 99828/- രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടു	1-20
41	ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി	1-21
42	ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്- അപാകങ്ങൾ	1-22
43	ലൈഫ് മിഷൻ വായ്പ (എസ്.സി)- വായ്പ ലഭിക്കാതെ 4265470/- രൂപ തിരിച്ചടച്ചു	1-23
44	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല	1-24
45	സുലേഖ പത്രികയിൽ അടങ്കൽ തുക രേഖപ്പെടുത്തിയിട്ടില്ല	1-25
46	HMC വാർഷിക കണക്കുകൾ ലഭ്യമാക്കേണ്ടതാണ്	1-26
47	കറവപശുക്കൾക്ക് ഇൻഷുറൻസ് എടുത്തില്ല	1-27
48	രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.	1-28
49	നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.	1-29
50	നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല	1-30
51	മെയിന്റനൻസ് ഫണ്ട് റോഡ്:-തുക നഷ്ടപ്പെട്ടു	1-31
52	തൻവർഷം എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചിട്ടില്ല	1-32
53	റോഡ് റീസ്റ്റോറേഷൻ ചാർജ്ജ്- കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കാനുള്ള തുക ഈടാക്കിയില്ല	1-33
54	ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്	1-34

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	സ്ഥിര നിക്ഷേപം	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-7

8	സമാഹൃതറിപ്പോർട്ടിൽഉൾപ്പെട്ടഓഡിറ്റ്ഖണ്ഡികകളുടെവിശദാംശം.	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷികകണക്കുകളുടെ സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് എടത്തിരുത്തി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.06.2024 ലെ 1(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 06.07.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി :

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

1-1-2 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2023-24കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8484521 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2023-24കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത്

2729688രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 Directly Debited By Bank- 52,119/- രൂപ ഉൾപ്പെട്ടുത്തി

" Directly Debited By Bank" എന്ന ശീർഷകത്തിൽ ആകെ 52119/-രൂപ ഉൾപ്പെടുത്തിയാണ് വിവിധ ബാങ്കുകളുടെ റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബാങ്ക്	തീയ്യതി	തുക
SBI(E-Payment)(34324810788)	31.03.24	52,119/-
	ആകെ	52,119/-

ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ,പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്

1-1-4 Directly Credited By Bank"തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

"Directly Credited By Bank" എന്ന ഇനത്തിൽ 5723/- രൂപ ഉൾപ്പെടുത്തിയാണ് വിവിധ ബാങ്കുകളുടെ റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബാങ്ക്	തീയ്യതി	തുക
SBI(E-Payment)(34324810788)	12/2/24	5723/-
	ആകെ	5723/-

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

1-1-5 വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	3605622/	3572833	6589	28996

വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	3605622/-	3711447	8948	30468
	(ഇൻകം എക്സിപെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) &	(റസീറ്റ് പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) &	(350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയ യിലെ തുക എടുക്കുന്നു

1.കളക്ഷൻ തുക വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയസോഫ്റ്റ്വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല.

1-1-6 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	2415603	2376999	2126	42016
	2417071	2235677	2375	44126
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	(ഇൻകം എക്സിപെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) &	(റസീറ്റ് പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) &	(350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയ യിലെ തുക എടുക്കുന്നു

1.കളക്ഷൻ തുക വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുകസഞ്ചയസോഫ്റ്റ്വെയറിലും വാർഷികകണക്കിലുംകണക്കാക്കപ്പെടുന്നില്ല.

1-1-7 ലൈബ്രറി സെസ്സ് പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 123225/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 5868/- (123225/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ -5905/- രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

1-1-8 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 .തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

2.ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

3.വാടക ഡിമാന്റ് രജിസ്റ്റർ

4.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

1-1-9 കുടിശ്ശിക റെസിഡൻഷ്യൽ-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	26459	24249	2225
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	47473 *(2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)	24249 (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	2231 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (2343/105X100)= /-

1. ഡിമാന്റ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയസോഫ്റ്റ്വെയറിലും വാർഷികകണക്കിലുംകണക്കാക്കപ്പെടുന്നില്ല.

1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-11 വസ്തു നികുതി ഡിമാന്റ് ഒരു തവണമാത്രം രേഖപ്പെട്ടുത്തി

1/4/2023ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023-24 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2023-24വർഷത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ 182 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2023-24 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം(31.3.2024 ന്) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ

നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-1-12 വാടക ഡിമാന്റ് ചട്ടപ്രകാരം രേഖപ്പെടുത്തിയില്ല

2023-24 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.ന	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയ്യതി	വൌച്ചർ
1.	കെട്ടിടങ്ങളിൽ നിന്നുള്ള വാടക(6 കെട്ടിടങ്ങൾ)	130100101-Rent From Building	32808/- രൂപ	31-03-2024	42301608

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-1-13 ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്തു. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-14 മൂലധന ചെലവ് റവന്യൂ ചെലവായി രേഖപ്പെടുത്തി

താഴെ ചേർക്കുന്ന പദ്ധതികൾ പ്രകാരം നിർമ്മിച്ച ആസ്തിയുടെ ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി

പ്രോജക്റ്റ്	വൌച്ചർ/ തീയ്യതി	തുക	ബുക്ക് ചെയ്ത ശീർഷകം
148/24	42301112 Dt 30.03.24	25000/-	251170006

Infrastructure Facilities For Anganwadi-Kitchen Renovation			
216/24 ബാലബോധിനി റോഡി കാന നിർമ്മാണം	42301388 Dt 17.01.24	64,568/-	251130902
“	42301272 Dt 25.08.23	316788/-	251130902
336/24 Health And Wellness പ്രവർത്തനങ്ങൾ	42301010 Dt 14.03.24	10,000/-	251110002 (ബുക്ക് ഷെൽഫ് വാങ്ങി)
“	42301118 Dt 30.03.24	87,543/-	251110002 (Auto Clave വാങ്ങി)
228/24 Health And Wellness പ്രവർത്തനങ്ങൾ(Furniture)	42300200 Dt 23.06.23	87,000/-	251110002
ആകെ			

1-1-15 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18,ഐ-19) പ്രകാരം “Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18,I-19)	31/3/2024ലെ ലെഡ്ജർ ബാക്കി
290800201-Prior Period Expense -Administrative Expense	17003
190100101-Prior Period Income – Property Tax	5427
190200401-Prior Period Income – Property Tax	-65726644

1-1-16 ഡിപ്രിസിയേഷൻ -വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2023-24 വർഷത്തെ Income And Expenditureപത്രിക പ്രകാരം 8510264/-രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-1-17 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4,ബി -17പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/24ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/24 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4				ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17		
ക്രമ നമ്പർ	ശീർഷകം	ഇനം	തുക	ശീർഷകം	ഇനം	തുക	

1	320100196	ICDS	2256337	450210101	CANARA(ICDS)	2081250
2	-320200104 320200104	Development Fund-CFC Grant(Basic Tax Grant) Development Fund-CFC Grant(Tied Fund)	4279279 3266169	450210101	Federal(PFMS)	7577231

1-1-18 അഡ്വാൻസ് തുകകൾ യഥാർത്ഥ ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

1. മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പാക്കിയ പ്രോജക്ട് നം.77/2024(ഹോമിയോ ഹോസ്പിറ്റലിലേക്ക് മരുന്ന് വാങ്ങൽ) എന്ന പദ്ധതിയിൽ 249560/- രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്.

പ്രോജക്ട്	വൗച്ചർ നമ്പർ	തീയ്യതി	തുക	ഫണ്ട്	ശീർഷകം
77/2024	42301032	07/12/23	249560/-	CFC	**251110208**

42301032 വൌച്ചർ പ്രകാരം 249560/-രൂപ കൈമാറിയതിൽ 149902/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുള്ളത് 05.07.2024 തീയതിയിലാണ്. തുക മുൻകൂറായി നല്കിയിട്ടുള്ളതിനാലും 31/3/24 ൽ മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ലാത്തതിനാലും മുൻകൂർ നല്കിയത് ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് ആയത് കണക്കിൽ ഉചിതമായ "ക്രമീകരിക്കാനവശേഷിയ്ക്കുന്ന മുൻകൂർ" ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നതെങ്കിലും തെറ്റായി ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി 18 വാർഡുകൾക്കായി 20,000/- രൂപ വീതം 3,60,000/-രൂപ മുൻകൂറായി നല്കിയിട്ടുണ്ട്.ആയതിൽ ശുചിത്വ മിഷനിൽ നിന്നും കിട്ടാനുള്ള തുകയായ 1,80,000/- മുൻകൂർ ശീർഷകത്തിലും ബാക്കി തുക(തനതുഫണ്ട്) ചെലവ് ശീർഷകത്തിലും രേഖപ്പെടുത്തി.അഡ്വാൻസ് രജിസ്റ്റർ പ്രകാരം തുക മുൻകൂറായി നല്കിയിട്ടുള്ളതിനാലും 31/3/24 ൽ വിനിയോഗ സാക്ഷ്യപത്രം/ചെലവു രേഖകൾ ലഭ്യമാക്കാത്തതിനാലും മുൻകൂർ നല്കിയത് ക്രമീകരിച്ചിട്ടില്ല.എന്നാൽ 1,80,000/-രൂപ(തനതുഫണ്ട്) റവന്യൂ ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രോജക്റ്റ്	വൗച്ചർ/ തീയ്യതി	തുക	ബുക്ക് ചെയ്ത ശീർഷകം
Sanitation Expense	42300078/06.05.23	1,80,000.00	230800110
ആകെ		1,80,000.00	

"ക്രമീകരിക്കാനവശേഷിയ്ക്കുന്ന മുൻകൂർ" ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നതെങ്കിലും തെറ്റായി ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-1-19 B4 ഹെഡിലെ ശീർഷകത്തിന് തത്തുല്യമായ ശീർഷകം B17 ൽ ഇല്ല

താഴെ പറയുന്ന ബി4 ശീർഷകത്തിലെ തുകകൾ നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ട് ഹെഡുകൾ(B17 ലെ) ലഭ്യമാക്കേണ്ടതാണ്.

	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4		
ക്രമനമ്പർ	ശീർഷകം	ഇനം	തുക
1	320700104	Contribution JV Projects (For Capital Expenditure)-From BP	31038/-
2	320800199	Other Grants,Funds&Contribution For Specific Purpose-Capital	55,474/-

1-1-20 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുക കൃത്യമല്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി- 11(B) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്(412010101) എന്ന ശീർഷകത്തിൽ 38,94,641/-രൂപയാണ്.അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികൾക്ക് പാർട്ട് ബിൽ നൽകിയ കണക്ക് പ്രകാരം 5,33,905/- രൂപയാണ്.

വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ സൂചിപ്പിച്ച് (ഖണ്ഡിക നം.1-1-1 മുതൽ 1-1-22 വരെയുള്ള പരാമർശം) നല്കിയ ഓഡിറ്റ് അന്വേഷണത്തിന് അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം നം 3/01.08.2024) .

1-2 ബജറ്റ്

പാസ്സാക്കിയതിയതി	22.03.2023	
കമ്മിറ്റിതീരുമാനം	1(1)-ാം നമ്പർ തീരുമാനം	
പ്രതീക്ഷിതവരവ്, ചെലവ്എന്നിവ	വരവ്	ചെലവ്
	342004010	338788250
റിവൈസ്ഡ്ബജറ്റ് (2023-24)		
പാസ്സാക്കിയതിയതി	21.03.2024	
കമ്മിറ്റിതീരുമാനം	1(1)-ാം നമ്പർ തീരുമാനം	
പ്രതീക്ഷിതവരവ്, ചെലവ്എന്നിവ	വരവ്	ചെലവ്
	208577320	243897473

1-3 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസനഫണ്ട്-ജനറൽ	0	19255000	16472243	17193625	-721382
വികസനഫണ്ട്-എസ്.സി.പി	0	11389000	11389000	10363634	1025366
വികസനഫണ്ട്-ടി.എസ്.പി	0	0	0	0	0
മെയിന്റനൻസ്, റോഡ്	0	11173350	11173350	2699590	8473760
മെയിന്റനൻസ്, നോൺ-റോഡ്	0	1911400	1911400	1722944	188456
**സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(Tied,Untied)	5038452	5732029	10770481	3225033	7545448
കെ.എൽ.എസ്.ജി.ഡി.പി	0	0	0	0	0
സാക്ഷരത (New India Literacy Fund)	0	4750	4750	2950	1800
ദുരിതാശ്വാസനിധി	0	0	0	0	0
കേന്ദ്രാവിഷ്കൃതഫണ്ടുകൾ (ഇനംതിരിച്ച്ചേർക്കുക)					
TSC	812799	0	812799	69988	742811
ICDS	1319843	1728785	3048628	792291	2256337
നിർമ്മൽപുരസ്കാരം	619	0	619	0	619
Biodiversity	300000	0	300000	298250	1750
Health Grant (Support For Diagnostic)	261171	1002584	1263755	327657	936098
Health Grant (Conversion Of Subcentres)	128927	415624	544551	239372	305179
ദുരന്ത നിവാരണ ഫണ്ട് (ദുരിതാശ്വാസ ക്യാമ്പുകളുടെ അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തുന്നതിന് ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും DDP മുഖേനെ ലഭിച്ചത്)	0	100000	100000	0	100000
സ്വാഭിമാൻ ഫണ്ട്	0	225000	225000	225000	0
Donation For Pandemic Epidemic In Control	12080	0	12080	0	12080
ശുചിത്വ മിഷൻ	2943330	10000	2953330	625210	2328120

ലൈഫ് മിഷൻ (State Share)	0	5060000	5060000	4960000	100000
Beneficiary Contribution	115282	732625	847907	649745	198162
MLA Fund (For Purchase Of Palliative Ambulance)	0	815086	815086	815086	0
Vimukthi	55474	0	55474	0	55474

വികസനഫണ്ട്-ജനറൽ,വികസനഫണ്ട്-എസ്.സി.പി,മെയിന്റനൻസ് റോഡ്,മെയിന്റനൻസ് നോൺ-റോഡ് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരവും.മറ്റ് ഫണ്ടുകൾ വാർഷിക ധനകാര്യപത്രിക പ്രകാരവും നൽകിയിട്ടുള്ളത്.**ടൈഡ് ബേസിക് ഗ്രാന്റ്, അൺ ടൈഡ് ഗ്രാന്റ് എന്നിവയുടെ മുന്നിരിപ്പ്,വരവ്,ചെലവ്,നീക്കിബാക്കി ഇവ ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരവും വാർഷിക ധനകാര്യപത്രിക പ്രകാരവും പൊരുത്തപ്പെടുന്നില്ല.

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പിലാക്കിയ പദ്ധതിത്തുകയുടെ ശതമാനം	നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
284	160333536	148	65099873	40.602%	52.11

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	524869	974054	1498923	1498923	0
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	15482676	15482676	15482676	0
മെറ്റീരിയൽ കോസ്റ്റ്	0	184809	184809	184809	0
ആകെ				17166408	

Note: ഇതിൽ Interest ആയി ബാങ്ക് വഴി ലഭിച്ച 7767/- രൂപ അക്കൌണ്ട് സീറോ ബാലൻസ് ആക്കുന്നതിനു വേണ്ടി റീഫണ്ട് ചെയ്തു.

1-6 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

പദ്ധതിയുടെ പേര്	ചെലവു തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിതവേതനം	0	0
കർഷകതൊഴിലാളിപെൻഷൻ	2464000	207
വിധവാപെൻഷൻ	15934900	1457
വാർദ്ധക്യകാലപെൻഷൻ	30707200	2912
വികലാംഗപെൻഷൻ	3624200	325
50വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1017400	186
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	90000	3

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.08.2024 തീയതിയിൽ 03.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38955/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-9 മാലിന്യ സംസ്കരണം -അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനായി 20.05.2023 ലെ സ.ഉ(സാധാ) നം.1068/2023/തസ്വഭവ ഉത്തരവ് പ്രാവർത്തികമാക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടുണ്ട്.

പതിനെട്ട് വാർഡുകൾ ഉൾക്കൊള്ളുന്ന എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 34550 ആണ്. ആകെ 10375 വീടുകളും 1949 വാണിജ്യ സ്ഥാപനങ്ങളുമാണുള്ളത്. 36 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. മാലിന്യ പരിപാലന പ്രക്രിയയുമായി ജനങ്ങൾ സഹകരിക്കുന്നുണ്ട്. 6225 വീടുകളിൽ നിന്നും 1360വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 2023-24 വർഷം യൂസർ ഫീ ഈടാക്കിയിട്ടുണ്ട്. യൂസർ ഫീ ഇനത്തിൽ 1578950/- രൂപയും ഹരിത ചട്ടങ്ങളുടെ ലംഘനത്തിന് പിഴയായി 39000/-രൂപയും മാലിന്യം വിറ്റ വകയിൽ 22639/- രൂപയും ലഭിച്ചിട്ടുണ്ട്.

മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സംവിധാനങ്ങൾ

മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തിൽ വാർഡ് 1 ൽ വാടക കെട്ടിടത്തിൽ 1 എം.സി.എഫും, 18 വാർഡുകളിലായി 18 മിനി എം.സി.എഫുകളും പ്രവർത്തിക്കുന്നു. പാഴ് വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സഹായ സ്ഥാപനത്തെ നിയോഗിച്ചിട്ടില്ല. ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് 134900/-രൂപ 2023-24 വർഷം നൽകിയിട്ടുണ്ട്.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് 2023-24 വർഷം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട്	ചെലവ്
18/24-ഹരിതകർമ്മസേന പ്രവർത്തനങ്ങൾ	121152/-
56/24-ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്	200000/-
88/24-പോർട്ടബിൾ ബയോബിൻ നൽകൽ	156000/-
348/24-ഗ്രാമപഞ്ചായത്തിലേക്കും ഘടക സ്ഥാപനങ്ങളിലേക്കും അംഗനവാടികളിലേക്കും 3 ബിൻസിസ്റ്റം വാങ്ങൽ	86000/-
335/24-ചാമക്കാല കുടുംബ ആരോഗ്യ കേന്ദ്രത്തിലും പഞ്ചായതത് ഓഫീസിലും സാനിറ്ററി പാഡ് ഡിസ്ട്രോയർ സ്ഥാപിക്കൽ	69988/-

മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിരീക്ഷിക്കുന്നതിന് 2024-25 സാമ്പത്തിക വർഷം 10 നിരീക്ഷണ ക്യാമറകൾ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുമെന്ന് പഞ്ചായത്ത് അധികൃതർ അറിയിക്കുകയുണ്ടായി.

ഹരിത കർമ സേന പ്രവർത്തനങ്ങൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ്മ സേനയുടെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ആകെ 36സേനാംഗങ്ങളാണ് നിലവിലുള്ളത്. സ്മാർട്ട് ഗാർബേജ് സിസ്റ്റം നടപ്പാക്കുന്നതിനായുള്ള ക്യു.ആർ കോഡ് പതിപ്പിക്കൽ പൂർത്തിയായിട്ടില്ല. വീടുകളിൽനിന്ന് 50/-രൂപ, സ്ഥാപനങ്ങളിൽ നിന്ന് 100/-രൂപ എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കുന്നുണ്ട്.

മാലിന്യ ശേഖരണത്തിനായി ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

ഇനം	ശേഖരിക്കുന്ന മാസം
പ്ലാസ്റ്റിക്	എല്ലാ മാസവും
ചെരുപ്പ്, ബാഗ്, തെർമോക്കോൾ	ജനുവരി,എപ്രിൽ, ജൂലായ്,ഒക്ടോബർ
കണ്ണാടി,കുപ്പി, ചില്ല്	ഫെബ്രുവരി,മെയ്, ആഗസ്റ്റ്,നവംബർ

ഇ മാലിന്യം (ട്യൂബ് ലൈറ്റ്,സി.എഫ്.എൽ,ബാറ്ററി ഉൾപ്പടെ),മരുന്ന് സ്ട്രിപ്പുകൾ	മാർച്ച്, ജൂൺ, ഡിസംബർ
മരുന്ന് സ്ട്രിപ്പുകൾ, തുണി	സെപ്റ്റംബർ

വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, കുപ്പിച്ചില്ല് മുതലായവ) ശേഖരിച്ച് മെയിൻ എം.സി.എഫ്-ൽ എത്തിച്ച് തരം തിരിച്ച് ഖരമാലിന്യ പ്ലാന്റിന് കൈമാറുന്നു. 2023-24 വർഷം ആകെ 24.84 ടൺ മാലിന്യം ശേഖരിക്കുകയും 1.65 ടൺ മാലിന്യം തരംതിരിക്കുകയും ചെയ്തു.

ബോധവത്ക്കരണം

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനും പ്ലാസ്റ്റിക്, കുപ്പിച്ചില്ല് തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നതിനും അവ കത്തിച്ചുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും ബോധവത്ക്കരണം നടത്തുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെകുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി 10 കുമ്പയിനും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികളുടെ ഹരിതസഭ, N S S വളണ്ടിയേർസിനെ ഉപയോഗിച്ച് ശുചിത്വ സർവ്വേ, മാലിന്യ കൂമ്പാരങ്ങൾ ആയിരുന്ന സ്ഥലങ്ങൾ സ്നേഹാരമം പദ്ധതി പ്രകാരം ചെടികളും ഔഷധ സസ്യങ്ങളും നട്ടുപിടിപ്പിച്ച് മനോഹരമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടത്തി. ഒപ്പം തന്നെ മാലിന്യം വലിച്ചെറിയുന്നതിനും കത്തിക്കുന്നതിനും പിഴ ഈടാക്കുന്നുണ്ട്. മാലിന്യം കത്തിച്ചതിനും അലക്ഷ്യമായി വലിച്ചെറിഞ്ഞതിനും പിഴയായി 39000/-രൂപ ഈടാക്കിയിട്ടുണ്ട്.

ഹരിതകർമ്മസേന വേതനം

36 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. ഹരിതകർമ്മസേനക്ക് ശരാശരി 5000 മുതൽ 10000 രൂപ വരെ മാസ വരുമാനം ലഭിക്കുന്നുണ്ട്. 100 ശതമാനം യൂസർഫീ കളക്ഷൻ നേടുന്നതിനായി ഹരിത സഹായ ഏജൻസിയെ നിയമിച്ചിട്ടില്ല. 2023-24 വർഷത്തിൽ എല്ലാ ഹരിത കർമ്മ സേനാംഗങ്ങൾക്കും കൂടി കുംടുംബശ്രീ വഴി 15916/- രൂപ അടവാക്കി ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയിരുന്നു.

ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളു. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കാൻ ഹരിതകർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹരിത കർമസേനാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശുപാർശകൾ

- ഹരിതകർമസേനാംഗങ്ങൾ ശേഖരിച്ച്, തരം തിരിച്ച്, എം.സി.എഫുകളിൽ സൂക്ഷിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ യഥാസമയം ക്ലീൻ കേരള കമ്പനി യഥാസമയം നീക്കം ചെയ്യാത്തത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. അവ സമയബന്ധിതമായി കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന് സ്ഥാപനതലത്തിൽ ഉറപ്പു വരുത്തേണ്ടതാണ്. ക്ലീൻ കേരള കമ്പനി വിമുഖത പ്രകടിപ്പിക്കുന്നപക്ഷം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര ഏജൻസികളുടെ സേവനം ഇക്കാര്യത്തിൽ തേടാവുന്നതാണ്.
- സ്മാർട്ട് ഗാർബേജ് സിസ്റ്റം വരും വർഷങ്ങളിൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. യൂസർഫീ കളക്ഷൻ , മാലിന്യക്കൈമാറ്റ പ്രക്രിയകൾ എന്നിവ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.
- മെച്ചപ്പെട്ട വരുമാന സാധ്യതകൾ കണ്ടെത്താനാവാത്തതിനാൽ അംഗങ്ങൾ പിൻവലിയുന്ന സാഹചര്യമുണ്ട്. ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുകകളുടെ റീസൈക്ലിംഗിനും മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.
- പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക- വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.
- പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.
- ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.
- വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

. ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.

. ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.

. ഹരിതകർമസേനാ പ്രവർത്തനൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസ്സമ്മതിക്കുന്നവർക്കെതിരെ സേവനവിലക്കുൾപ്പടെയുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.

. ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

. മാലിന്യങ്ങൾ/പാഴ് വസ്തുക്കൾ ഉറവിടത്തിൽ തരംതിരിക്കുന്നതിനായി വ്യത്യസ്ത നിറത്തിലുള്ള ബാസ്കറ്റുകളോ, ബിന്നുകളോ, ചാക്കുകളോ ഉപഭോക്താക്കൾക്ക് നൽകാവുന്നതാണ്.

. നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്ക്കരിക്കുന്നതിനായി ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിക്കാവുന്നതാണ്. മെൻസ്ട്രുവൽ കപ്പിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ബോധവത്ക്കരണം നടത്താവുന്നതാണ് .

. പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

. ജൈവമാലിന്യങ്ങൾ ഉറവിടത്തിലും, തുമ്പൂർമൂഴി മോഡൽ മുഖേനയും സംസ്കരിക്കാവുന്നതാണ്.

1-10 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 2023-24 സാമ്പത്തികവർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ താഴെ പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

. സന്തോഷ് എം.ഡി.

. ജയരാജൻ പി.എസ്.

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻകവയറി നം.17/07.08.2024)

1-11 അനധികൃത കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല.

1.ഓഡിറ്റ് സ്ഥല പരിശോധനയുടെ ഭാഗമായി 07.08.2024-ാം തിയ്യതിയിൽ സുഹാസ് നന്ദൻ&സുമിത നന്ദൻ,മണപ്പുറം ഫിനാൻസ് വാഴപ്പുള്ളി, വലപ്പാട്, എടത്തിരുത്തി എന്നവരുടെ 809 ച.മീറ്റർ വിസ്തൃതിയിലുള്ള ഗണം A1, A2 വിഭാഗത്തിലുള്ള ക്രമവത്ക്കരിക്കുന്നതിനുള്ള കെട്ടിടങ്ങൾ (അപേക്ഷ നം.SC4-389/24 തി.15.01.24 പ്രകാരം) സന്ദർശിക്കുകയുണ്ടായി. നാളിതുവരെ കെട്ടിടം ക്രമവത്ക്കരിച്ചിട്ടില്ല. കെട്ടിടങ്ങൾ ഹോസ്റ്റൽ ആവശ്യത്തിനായി (A2 ഗണത്തിൽ) ഉപയോഗിച്ചു വരുന്നു. ഈ കെട്ടിങ്ങൾ പുതുതായി നിർമ്മിച്ചവയല്ല, കാലപ്പഴക്കമുള്ളവയാണ്. ക്രമവത്ക്കരണത്തിനുള്ള അപേക്ഷയിൽ ഈ കെട്ടിടങ്ങളുടെ പൂർത്തീകരണ സാക്ഷ്യപത്രം വച്ചിട്ടില്ല. ആയതിനാൽ ഏതു വർഷത്തിൽ പൂർത്തീകരണം നടത്തിയ കെട്ടിങ്ങൾ ആണെന്ന് ഓഡിറ്റിന് വ്യക്തതയില്ല. ഈ കെട്ടിടങ്ങളെ UA രജിസ്റ്ററിൽ ഉൾപ്പെടുത്തി വസ്തു നിർണ്ണയിച്ച്, നികുതി ഈടാക്കി വരുന്നുണ്ടെങ്കിൽ പ്രസ്തുത കെട്ടിടങ്ങളുടെ ഫാറം 6 ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകവയറി 11/5.8.24 ,28/8.8.24 എന്നിവ നൽകിയിരുന്നു. മറുപടിയായി ഈ കെട്ടിടങ്ങളെ ക്രമവത്ക്കരിച്ച് നൽകിയിട്ടില്ലായെന്നും, നാളിതുവരെ UA നമ്പറിട്ട് വസ്തുനികുതി ഈടാക്കിയിട്ടില്ലായെന്നും അറിയിച്ചു. അനധികൃതമായി നിർമ്മാണം നടത്തുമ്പോൾ കേരള പഞ്ചായത്ത് രാജ് ആക്ട് 235 Z പ്രകാരം Penalty For Unlawful Construction Of Building ചട്ടപ്രകാരം നിർമ്മാണം നിർത്തി വയ്ക്കുന്നതിന് സ്റ്റോപ്പ് മെമ്മോ നൽകുകയോ, പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കെട്ടിടം ഹോസ്റ്റൽ ആവശ്യത്തിനായ് ഉപയോഗിക്കുന്നില്ലായെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ സ്ഥലപരിശോധന വേളയിൽ കെട്ടിടങ്ങൾ സ്വകാര്യ ഹോസ്റ്റലായി

ഉപയോഗിച്ചു വരുന്നു. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി ചട്ടം 235 എഎ (3) ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ അനുവദിച്ച് നിർമ്മാണം പൂർത്തീകരിച്ച വർഷം മുതൽ നിർണ്ണയിച്ച് കെട്ടിട ഉടമയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

2. ക്രമവത്ക്കരിക്കുന്നതിനുള്ള കെട്ടിടങ്ങൾക്ക് പുറമേ പ്രസ്തുത സ്ഥലത്ത് ലൈവ് സ്റ്റോക്ക് ഫാമുകൾ, ബാഡ്മിന്റൺ കോർട്ട് എന്നിവ നിലനിൽക്കുന്നതായി കാണാൻ സാധിച്ചു. ലൈവ്സ്റ്റോക്ക് ഫാമുകളുടെയും, ബാഡ്മിന്റൻ കോർട്ടുകളുടെയും വിസ്തൃതി താഴെ ചേർക്കുന്നു(സ്ഥല പരിശോധന വേളയിൽ അളവെടുത്തിരുന്നു).

ക്ര നം	കെട്ടിടം	വിസ്തൃതി(M2)	ഉപയോഗം
1	ഷെഡ് 1	731.50	ലൈവ് സ്റ്റോക്ക് ഫാം
2	ഷെഡ് 2	431.50	”
3	ഷെഡ് 3	245.70	”
4	ഷെഡ് 4	110.5	”
5	ഷെഡ് 5	136.8	”
6	ഷെഡ് 6	144	”
7	ഷെഡ് 7	89.65	”
8	ഷെഡ് 8	193.6	”
9	ഷെഡ് 9	266.6	”
10	ഷെഡ് 10	199.52	”
11	ഷെഡ് 11		അളവെടുക്കാൻ സാധിച്ചില്ല
12	ഷെഡ് 12	154	”
13	Badminton Court	540	Group D കെട്ടിടം

മുകളിൽ പറഞ്ഞ ഷെഡുകൾ,Group D കെട്ടിടം എന്നിവ ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത അപേക്ഷ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും,കെട്ടിടങ്ങൾക്ക് UA നമ്പർ നൽകി വസ്തുനികുതി ഈടാക്കി വരുന്നുണ്ടെങ്കിൽ പ്രസ്തുത കെട്ടിടങ്ങളുടെ ഫാറം 6 ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 28/08.08.24 നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല.കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി ചട്ടം 235 എഎ (3) ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ അനുവദിച്ച് നിർമ്മാണം പൂർത്തീകരിച്ച വർഷം മുതൽ കെട്ടിട ഉടമയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്വെയറിൽ നടത്തിയ വസ്തുനികുതി പരിശോധനയിൽ താഴെ പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക അടവാക്കുവാനുണ്ട്.

കെട്ടിടനം	ഉടമസ്ഥന്റെ പേര് വിവരം	അടവാക്കേണ്ട കാലയളവ്	അടവാക്കുവാനുള്ള തുക

8/353 A	റിലയൻസ് ഇൻഫോകോം ലിമിറ്റഡ്	2019- 1st Half മുതൽ 2023 2nd Half വരെ	29164

കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകയറിക്ക് (നം.15/06.08.2024) മൊബൈൽ ടവർ ഉടമയിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് ആർ ആർ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് മറുപടി നല്കിയിട്ടുണ്ട്. കുടിശ്ശിക തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വസ്തുനികുതി യഥാസമയം ഈടാക്കാതിരുന്നാൽ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതായിരിക്കും.

1-13 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് എൻകയറി നം.16/06.08.2024)

1-14 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നം	കെട്ടിട ഉടമ	ഫയൽ നം/ അപേക്ഷ തീയതി	ഒഴിവാക്കിയ കാലയളവ്
1	10/265 A-F, I-M	അബ്ദുൽ ഗഫൂർ, മുഹമ്മദ് ഹാഷിം, അബ്ദുൽ നാസിം മുതൽ പേർ	7332/23 22.11.2023	01.10.2023 To 31.03.2024

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്കു (നമ്പർ 10/05.08.24) സഞ്ചയ സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കെട്ടിട ഉടമയിൽ നിന്ന് ചട്ടപ്രകാരം അർഹമായ വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ചു കൊണ്ട് മാത്രം ഇളവ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15 കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ 2023 ലെ വസ്തു നികുതി പരിഷ്കരണത്തിന് മുമ്പായി നികുതി നിശ്ചയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 30 രൂപയും 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 50/- രൂപയും ആണ്. സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ആകെ വിസ്തീർണം 100 ച:മീറ്ററിലും കൂടുതലാണ്. എന്നാൽ വസ്തു നികുതി നിർണയത്തിൽ അടിസ്ഥാന നിരക്ക് 50/- രൂപക്ക് പകരം 30/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

ക്രമ നമ്പർ	വാർഡ്/ കെട്ടിട	ഉടമസ്ഥൻ	ആകെ വിസ്തീർണം

	നമ്പർ		(ച:മീറ്റർ)
1	3/337	മെറീന താടിക്കാരൻ	110
2	3/365	വി.ഐ ജോസഫ് വലിയവീട്ടിൽ	118
3	3/376	മുഹമ്മദ് പുതിയവീട്ടിൽ	346
4	3/415	സെക്രട്ടറി ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ജില്ലാ കമ്മിറ്റി എടത്തിരുത്തി	108
5	3/497	ലിയോൺ താടിക്കാരൻ	150
6	3/498	ലിയോൺ താടിക്കാരൻ	150
7	9/215	മുഹമ്മദ് അബ്ബു എടവഴിപ്പുറത്ത്	160
8	10/230	ആമിന പള്ളിപറമ്പിൽ	230
9	10/345	ഹസ്സനാലി മൂലംകണ്ണംപറമ്പിൽ	103
10	10/366	കരുണൺ പുളിപ്പറമ്പിൽ	259
11	11/742 J	സജ്ന പൊന്നാത്ത്	174.73
12	11/759	ഐസ്പ്ലാന്റ് ചെന്ത്രാപ്പിന്നി	280
13	11/763	ചെന്ത്രാപ്പിന്നി സർവ്വീസ് സഹകരണ ബാങ്ക്	189.59
14	17/230	സുകുമാരൻ പുതുപ്പറമ്പിൽ	232

കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (എൻകവയറി നം.15/06.08.2024), "അപാകതകൾ പരിഹരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്" എന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി നിർണ്ണയിക്കേണ്ടതും സഞ്ചയ സോഫ്റ്റ്വെയറിൽ മാറ്റങ്ങൾ വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്. വസ്തുനികുതി എന്നത് പഞ്ചായത്തിന്റെ തനതുവരുമാനമായതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

1-16 മൊബൈൽ ടവർ നിർമ്മാണം - തുടർനടപടി വിവരം അറിയിക്കേണ്ടതാണ്

ഫയൽ നം.SC4-4831/23 തീയതി 16.06.2023 പ്രകാരം എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ നിശാന്ത് വി.കെ, Summit Digitel Infrastructure Pvt Ltd എന്നവർ മൊബൈൽ ടവർ നിർമ്മാണത്തിനായി അനുബന്ധം A5 ഇന്റിമേഷനോടൊപ്പം നിയമാനുസൃത പ്ലാൻ ഉൾപ്പടെയുള്ള അനുബന്ധ രേഖകൾ സമർപ്പിക്കുകയും രസീത് നം. 1230300944 തീയതി 16.06.2023 പ്രകാരം ടെലികമ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിനുള്ള പെർമിറ്റ് ഫീസ് 10000/- രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെ പ്രസ്തുത മൊബൈൽ ടവർ നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കുന്ന പക്ഷം മൊബൈൽ ടവറിന് കെട്ടിട നമ്പർ നൽകി വസ്തു നികുതി നിർണ്ണയം നടത്തി ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻകവയറി നമ്പർ 18/07.08.2024)

1-17 ലേലതുകകൾ ശരിയായ വരവ് ശീർഷകങ്ങളിൽ ക്രമീകരിക്കേണ്ടതാണ്

2023-24 സാമ്പത്തിക വർഷം പഞ്ചായത്തിൽ നടന്ന ലേലങ്ങളുടെ വരവുകൾ അതാത് ശീർഷകങ്ങളിൽ ബുക്ക് ചെയ്തിരിക്കുന്നതിന് പകരം 340200102-Auction Deposit ഹെഡിലും മറ്റ് പല ഹെഡുകളിലുമാണ് ബുക്ക് ചെയ്തിരിക്കുന്നത്. ലെഡ്ജർ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ലേല ഇനം	ലേലം നടന്ന തീയതി	ലേലം കൊണ്ടയാളുടെ പേര് വിവരങ്ങൾ	ലേലം കൊണ്ട തുക	തുക ബുക്ക് ചെയ്യേണ്ട ശീർഷകം	ലേല തുക അടവാക്കിയതിന്റെ വിവരങ്ങൾ

						രസീത് നം.	തുക	ശീർഷകം
1	കൈസാബ് റോഡ് കാന നിർമ്മാണം – ബാക്കി വന്ന മണ്ണ്	02.06.2023	ആഷിക്ക് മമ്മസ്രായില്ലത്ത്	25000/-	150100108-Receipts From Sale Of Sand	1230300798/ 02.06.2023	5000/-	150100199-Receipts From Sale Of Other Products
						1230300805/ 03.06.2023	1000/-	340200102-Auction Deposit
						1230300865/ 08.06.2023	19000/-	340200102-Auction Deposit
2	പഞ്ചായത്ത് ലൈബ്രറിയിലെ പഴയ പത്രമാസികകൾ	25.09.2023	മോഹൻദാസ്	3714	150120102-Receipts From Sale Of Scrap/Empties & Waste Materials	1230301881/ 25.09.2023	500	340200102-Auction Deposit
						1230301898/ 25.09.2023	3214	150120102-Receipts From Sale Of Scrap/Empties & Waste Materials
3	വാർഡ് 12 – മൃഗാശുപത്രി കോമ്പൗണ്ടിലെ മട്ടി മരവും, കുരിശ് മരവും	02.06.2023	വിജയൻ കിഴക്കെപുരയ്ക്കൽ	3350	150100110-Receipts From Sale Of Timber	1230300799/ 02.06.2023	1000	340200102-Auction Deposit
						1230300868/ 08.06.2023	2350	340200102-Auction Deposit

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി (നമ്പർ 04/02.08.24) യുടെ അടിസ്ഥാനത്തിൽ Auction Deposit ഹെഡിൽ അടവാക്കിയ ലേലതുകകൾ ശരിയായ വരവ് ശീർഷകത്തിലേക്ക് ജേണൽ എൻട്രി ചെയ്ത് ക്രമീകരിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 ട്യൂട്ടോറിയൽ സ്ഥാപനം FATEOS ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

2023-24 സാമ്പത്തികവർഷത്തെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, FATEOS ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനം ട്യൂട്ടോറിയൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും/പുതുക്കിയിട്ടുണ്ടെങ്കിലും FATEOS ലൈസൻസ് എടുത്തതായി കാണുന്നില്ല.

ക്രമ നം.	സ്ഥാപനം.	സ്ഥാപന ഉടമയുടെ പേര്
1	കരിയർ മന്ത്ര സ്റ്റഡി സെന്റർ എടത്തിരുത്തി	ജെഷി ടി.എസ്. താഴത്തുവീട്ടിൽ

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്കു (നമ്പർ 06/02.08.2024) മറുപടിയായി പ്രസ്തുത സ്ഥാപനത്തിന് FATEOS ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നൽകുകയും നടപടികൾ സ്വീകരിക്കുന്നതാണ്എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 ലൈവ്സ്റ്റോക്ക് ഫാം അനധികൃതമായി പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത്രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(I) കന്നുകാലി ഫാം : 5 മൃഗങ്ങൾ

(Ii) ആട് ഫാം : 20 മൃഗങ്ങൾ

(Iii) പന്നി ഫാം : 5 മൃഗങ്ങൾ

(Iv) മുയൽ ഫാം : 25 മൃഗങ്ങൾ

(V) പൗൾട്രി ഫാം : 100 പക്ഷികൾ

എടത്തിരുത്തി ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തികവർഷം 1 ലൈവ്സ്റ്റോക്ക് ഫാം മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ പഞ്ചായത്തിലെ ഒന്നാം വാർഡിൽ നടത്തിയ സ്ഥല പരിശോധനയിൽ **'MA FARM'** എന്ന പേരിൽ ഒരു ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഫാം പ്രവർത്തിക്കുന്ന കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല. ഇത്തരത്തിൽ ഫാം ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ ഉടമയ്ക്ക് സ്റ്റോപ് മെമ്മോ നൽകേണ്ടതും കുറ്റ സ്ഥാപനത്തിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കേണ്ടതുമാണ്. അത്തരം നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. (ഓഡിറ്റ് എൻകവയറി നം.15/06.08.2024)

1-20 ബ്ലോക്ക് വിഹിതമായ 99828/- രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)

പ്രോജക്ട് : 175/24(So)സാന്ത്വന പരിചരണ പദ്ധതി

അടങ്കൽ : 103768/-

ചെലവ് : 99828/-

ഫണ്ട് : ബ്ലോക്ക് വിഹിതം

മേൽ ചെലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (7/2.8.24) മെഡിക്കൽ ഓഫീസറും(എഫ്.എച്ച്.സി) പഞ്ചായത്ത് സെക്രട്ടറിയും ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

മേൽ (സ്പിൽ ഓവർ) പദ്ധതി പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ലോഗിനിൽ നിന്നും 99828/- രൂപയുടെ ബിൽ (ബ്ലോക്ക് വിഹിതം) എടുത്തെങ്കിലും ബിൽ ക്യാൻസൽ ചെയ്യാതെ 78/24 സാന്ത്വന പരിചരണ പദ്ധതി എന്ന പുതിയ പദ്ധതിയിൽ നിന്നാണ് തുക മാറിയിട്ടുള്ളത്. ബിൽ ക്യാൻസൽ ചെയ്യാത്തതിനാൽ തെറ്റായി വീണ്ടും ചെലവ് രേഖപ്പെടുത്തിയതിനാൽ സുലേഖയിലും വാർഷിക കണക്കിലും 99828/-രൂപയുടെ ചെലവ് (സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി) അധികമായി വന്നു. എന്നാൽ യഥാർത്ഥത്തിൽ ചെലവ് ചെയ്തിട്ടില്ല. ബ്ലോക്കിൽ നിന്നും സ്പിൽ ഓവർ പ്രോജക്ടായ 175/24 ന്റെ ഭാഗമായി 99828/-രൂപ ചെലവ് ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.

സ്പിൽ ഓവർ പ്രോജക്ടായ 175/24 സാന്ത്വന പരിചരണ പദ്ധതി എന്നതിൽ നിന്നും മാറേണ്ട തുക 78/24 സാന്ത്വന പരിചരണ പദ്ധതി എന്ന പുതിയ പദ്ധതിയിൽ നിന്നും മാറിയതിനാൽ 103768/- രൂപ അടങ്കൽ രേഖപ്പെടുത്തിയ സ്പിൽ ഓവർ പ്രോജക്ടായ 175/24 നടപ്പിലായില്ല. ആയതിനാൽ ബ്ലോക്ക് വിഹിതം ഇനത്തിൽ സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി ചെലവ് ചെയ്യേണ്ടിയിരുന്ന 99828/- രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തെ സൂക്ഷ്മത കുറവ് കൊണ്ടാണ് മേൽ പ്രകാരം പഞ്ചായത്തിന് ബ്ലോക്ക് വിഹിതമായി അനുവദിച്ച തുക നഷ്ടപ്പെടാൻ ഇടയായത്. ഇത്തരം കാര്യങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. കൂടാതെ സുലേഖ സ്റ്റേറ്റ്മെന്റിലും വാർഷിക കണക്കിലും 99828/- രൂപയുടെ അധിക ചെലവ് തെറ്റായി രേഖപ്പെടുത്തി. 2023-24 വർഷത്തിൽ തെറ്റായി രേഖപ്പെടുത്തിയ മേൽ ചെലവ് 2024-25 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

1-21 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി

നിർവഹണ ഉദ്യോഗസ്ഥൻ:അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് : 7/24 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം
ഫണ്ട് :എസ്.സി.പി
അടങ്കൽ/ ചെലവ് : 1875000/1625000
വൗച്ചർ നം:42301235/22.6.23- 375000/-
42301333/24.11.23- 500000/-
42301411/24.3.24- 750000/-
പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം എന്ന പദ്ധതി പ്രകാരം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
ഈ പദ്ധതി പ്രകാരം പെൺകുട്ടികളുടെ രക്ഷിതാക്കളായ താഴെ ചേർത്തിരിക്കുന്ന വ്യക്തികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.
1.ഷീജ
2.മണി സുരേഷ് ബാബു

3.സുബ്രമഹ്ണ്യൻ കൊച്ചയ്യപ്പൻ
4.സുബ്രമഹ്ണ്യൻ
5.ഷീന
6.മണി.എം.കെ
7.ബിജു.എ.എം
8.വിദ്യ ഉണ്ണികൃഷ്ണൻ
9.കുമാരി
10.നന്ദനൻ.പി.എ
11.ശ്രീനിവാസൻ
12.സന്തോഷ്.കെ.ബി
13.സന്തോഷ്.കെ.വി
മേൽ ഗുണഭോക്താക്കളിൽ ക്രമ നം 8,10 ഒഴികെയുള്ള വ്യക്തികൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്(8/5.8.24) ലഭിച്ച മറുപടി ഇപ്രകാരമാണ്.
മേൽ പ്രൊജക്ടിന്റെ ഗുണഭോക്തൃലിസ്റ്റിലെ പലരുടേയും വിവാഹം നടന്നില്ല. ആയത് നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുമെന്നതിനാലും പാവപ്പെട്ട യഥാർത്ഥ ഗുണഭോക്താവിന് ആനുകൂല്യം ലഭിക്കുന്നതിന് താമസം സൃഷ്ടിക്കുന്ന സാഹചര്യം ഉണ്ടായതിനാലും ഓഫീസിൽ ലഭിച്ച അപേക്ഷയിൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതെന്നാണ് അറിയിച്ചിരിക്കുന്നത്. ആയത് അടുത്ത ഗ്രാമസഭയിൽ സാധൂകരണം വാങ്ങുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
തുടർനടപടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

1-22 ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്- അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് : 56/24 ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്

അടങ്കൽ : 200000/-

ചെലവ് : 200000/-

ഫണ്ട് : തനത് ഫണ്ട്
വൗച്ചർ നം:42300502/12.10.23

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് G.O(Rt) No.2307/2021/LSGD Dt.18/11/21 പ്രകാരം ഗ്രാമപഞ്ചായത്തുകൾ നീക്കിവെക്കേണ്ട ആകെ തുക 204900/- രൂപയാണ്.

(സർവ്വീസ് ചാർജ്- 135700, എസ്.എം.എസ് ചാർജ്-7200, ക്യു.ആർ.കോഡ് തുക-12000, ലാപ്പ്ടോപ്പിന്റെ വില-50000, ആകെ-204900/-)

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ഇവിടെ പദ്ധതി അടങ്കലും ചെലവും 200000/- രൂപയാണ്. എന്നാൽ 204900/- രൂപയുടെ വർക്ക് ഓർഡർ (24.08.23 ലെ 400732/DPPE02/GA/2023/6060/(1)നം. കത്ത്) കെൽട്രോണിന് കൊടുത്തിരിക്കുന്നു. 204900/- രൂപക്കുള്ള കരാറും വെച്ചിട്ടുണ്ട് {142900/-രൂപക്കുള്ള കരാറും (23.8.23 ലെ കരാർ നം.10395), 62000/- രൂപക്കുള്ള കരാറും (23.8.23 ലെ കരാർ നം. 10427)}.

2.സർവ്വീസ് ചാർജ്, എസ്.എം.എസ് ചാർജ് എന്നിവയുടെ ആകെ തുകയായ 142900/-രൂപയുടെ പ്രൊഫോർമ ഇൻവോയ്സും (SGMS/886/23-24, 14.09.23) ക്യു.ആർ.കോഡ് തുക, ലാപ്പ്ടോപ്പിന്റെ വില എന്നിവയുടെ ആകെ തുകയായ 62000/- രൂപയുടെ പ്രൊഫോർമ ഇൻവോയ്സും (SGMS-A/2955/23-24, 14.09.23) ഫയലിൽ ഉണ്ട്. എന്നാൽ ടാക്സ് ഇൻവോയ്സ് ലാപ്പ്ടോപ്പിന്റെ വിലയായ 50000/- രൂപയുടെ മാത്രമെ ഉള്ളു(CPG/13093/23-24,17.10.23). ബാക്കി തുകയുടെ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

3.13000 ക്യു.ആർ കോഡ് ലഭിച്ചതിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2750 എണ്ണം വിതരണം ചെയ്തിട്ടില്ല.

4. പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്കുള്ള (26/7.8.24) മറുപടിയിൽ സർക്കാർ ഉത്തരവ് പ്രകാരവും കരാർ പ്രകാരവും 204900 രൂപയുടെ പദ്ധതിയാണ് നൽകേണ്ടിയിരുന്നത്, എന്നാൽ പദ്ധതി രൂപീകരിച്ചത് 200000 രൂപക്ക് ആയതിനാലാണ് 200000 രൂപ കൈമാറിയതെന്നും ബാക്കി തുക ഈ വർഷം അടവാക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്.
പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-23 ലൈഫ് മിഷൻ വായ്പ (എസ്.സി)- വായ്പ ലഭിക്കാതെ 4265470/- രൂപ തിരിച്ചടച്ചു

ലൈഫ് മിഷൻ ഹഡ്കോ ഭവനവായ്പയായി പട്ടികജാതി വിഭാഗത്തിന് നാളിതുവരെ തുക ലഭിച്ചിട്ടില്ല. എന്നാൽ വായ്പ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം നാളിതുവരെ താഴെ പറയും പ്രകാരം തുക എസ്.സി.പി ഫണ്ടിൽ നിന്നും തിരിച്ചടവ് നടത്തിയിട്ടുണ്ട്.

വർഷം	തിരിച്ചടച്ച തുക (ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത്)	സർക്കാർ ഉത്തരവ് നമ്പർ
2019-20	220588	സ.ഉ.(സാധാ) 6105/2019/ധന., തി.1.08.2019, സ.ഉ.(സാധാ)10050/2019/ധന., തി.21.12.2019
2020-21	483412	സ.ഉ(സാധാ)4461/2020ധന., തി.3.08.2020, സ.ഉ.(സാധാ)43/2021/ധന., തി.1.01.2021
2021-22	915200	സ.ഉ.(സാധാ)5206/2021/ധന., തി.30.07.2021, സ.ഉ.(സാധാ)22/2022/ധന., തി.1.01.2022,
2022-23	1323135	സ.ഉ.(സാധാ)6872/2022/ധന., തി.12.10.2022, സ.ഉ.(സാധാ)1049/2023/ധന., തി.13.02.2023,
2023-24	1323135	സ.ഉ.(സാധാ)3113/2023/ധന., തി.19.04.2023, സ.ഉ.(സാധാ)5637/2023/ധന., തി.29.07.2023, സ.ഉ.(സാധാ)2858/2024/ധന., തി.22.03.2024,
ആകെ	4265470	

ഭവനവായ്പ ലഭിക്കാതെ തന്നെ 4265470/- രൂപ തിരിച്ചടച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിനെ അറിയിച്ച് തുക ക്രമീകരിക്കേണ്ടതാണ്.

1-24 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെ ചേർത്ത പദ്ധതിക്കായി കെഎസ്ഇബിയിൽ തുക നിക്ഷേപിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ്	ഫണ്ട്	വൗച്ചർ നം,തുക	തുക കൈമാറിയ വിവരം
168/24 സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	CFC	42300204/ 23.6.23 451491/-	അസിസ്റ്റന്റ് എഞ്ചിനീയർ, കെഎസ്ഇബി, കാട്ടൂർ

മേൽ പദ്ധതിയുടെ വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻകവയറി നം.24/7.8.24)

1-25 സുലേഖ പത്രികയിൽ അടങ്കൽ തുക രേഖപ്പെടുത്തിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള ജി.ഒ പ്രൊജക്കുകളായ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ), ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി), അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നീ 9 പ്രൊജക്കുകളുടെ അടങ്കൽ തുക

രേഖപ്പെടുത്താതെ ചെലവ് തുക മാത്രമാണ് സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ 9 പ്രൊജക്ടുകളുടെ മൊത്തം അടങ്കൽ തുകയായ 4105892 രൂപ സുലേഖ പത്രികയിലെ ആകെ അടങ്കൽ തുകയിൽ ഉൾപ്പെട്ടിട്ടില്ല.

1-26 HMC വാർഷിക കണക്കുകൾ ലഭ്യമാക്കേണ്ടതാണ്

ചാമക്കാല എഫ്. എച്ച്. സി. യിൽ ആശുപത്രി മാനേജിങ്ങ് കമ്മറ്റി രൂപീകരിച്ച തീയതി ലഭ്യമാക്കിയിട്ടില്ല. ആശുപത്രി രേഖകൾ പരിശോധിച്ചതിൽ നിന്നും 2011 ഏപ്രിൽ മുതലുള്ള രേഖകളാണ് ലഭ്യമായിട്ടുള്ളതെന്നും 2021-22 വരെയുള്ള HMC കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചതായും അറിയിച്ചിട്ടുണ്ട്.

ആയുർവേദ ഡിസ്പെൻസറി,ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിൽ നിന്നുള്ള HMC വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-27 കറവപശുക്കൾക്ക് ഇൻഷുറൻസ് എടുത്തില്ല

1.പ്രോ.നം:S0098/24

പേര്:കറവപശു വിതരണ പദ്ധതി ജനറൽ

അടങ്കൽ:14,40,000/-, ചെലവ്:9,00,000/-,ഗുണഭോക്തൃവിഹിതം:4,50,000/-

വൗച്ചർ നം: 42301453 തി.24-03-2024 തുക:90,000/-

വൗച്ചർ നം: 42301449 തി.24-03-2024 തുക:90,000/-

വൗച്ചർ നം: 42301452 തി.24-03-2024 തുക:90,000/-

വൗച്ചർ നം: 42301456 തി.24-03-2024 തുക:90,000/-

വൗച്ചർ നം: 42301457 തി.24-03-2024 തുക:90,000/-

2.പ്രോ.നം:S0069/24

പേര്:കറവപശു വിതരണ പദ്ധതി വനിത SC

അടങ്കൽ:6,00,000/-, ചെലവ്:2,40,000/-,ഗുണഭോക്തൃവിഹിതം:60,000/-

വൗച്ചർ നം:42301449 തി. 24-03-2024 തുക:45,000/-

വൗച്ചർ നം: 42301452 തി. 24-03-2024 തുക:45,000/-

വൗച്ചർ നം: 42301450 തി. 24-03-2024 തുക:45,000/-

വൗച്ചർ നം: 42301459 തി. 24-03-2024 തുക:45,000/-

മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം 19 ഗുണഭോക്താക്കൾക്ക്(15 ജനറൽ,4 എസ്.സി) കറവപശുവിനെ വാങ്ങുന്നതിനായ് ഒരു കറവപശുവിന് ജനറൽ(30,000/-രൂപ),എസ്.സി(45,000/-രൂപ) എന്ന നിരക്കിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്.ഫയൽ പരിശോധിച്ചപ്പോൾ 6 ഗുണഭോക്താക്കൾ മാത്രമാണ് ഉരുക്കൾക്ക് ഇൻഷുറൻസ് എടുത്തിട്ടുള്ളത്.ബാക്കി 13 ഗുണഭോക്താക്കൾ ഉരുക്കൾക്ക് ഇൻഷുറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.ആയതിനാൽ 13 ഗുണഭോക്താക്കൾ കറവപശുവിന് ഇൻഷുറൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 20/07.08.24 നൽകിയെങ്കിലും പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ആതിനാൽ പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1.പ്രോ.നം:S0073/24

പേര്:അടുക്കളമുറ്റത്തെ കോഴി വളർത്തൽ പദ്ധതി ജനറൽ

അടങ്കൽ:234000/-

ചെലവ്:234000/-

വൗച്ചർ നം: 42301444 തി.24-03-2024 തുക:30,000/-

വൗച്ചർ നം: 42300885 തി.24-03-2024 തുക:22,800/-

വൗച്ചർ നം: 42301447 തി.24-03-2024 തുക:30,600/-

2.പ്രോ.നം:S0074/24

പേര്:അടുക്കളമുറ്റത്തെ കോഴി വളർത്തൽ പദ്ധതി SC

അടങ്കൽ:39,000/-

ചെലവ്:37,700/-

വൗച്ചർ നം: 42301448 തി.24-03-2024 തുക:12,000/-

മേൽപ്പറഞ്ഞ വൗച്ചറുകൾ പ്രകാരം പെരിഞ്ഞനം എഗ്ഗർ നഴ്സറി യൂണിറ്റിന് 234000/-രൂപ,37,700/- എന്നി തുകകൾ കോഴി വിതരണത്തിനായി നൽകിയിട്ടുണ്ട്.സ്ഥാപനത്തിന്റെ ലൈസൻസ്,കോഴികൾക്ക് വാക്സിനേഷൻ നൽകിയ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകൗയറി 23/07.08.24 നൽകി. കോഴികൾക്ക് വാക്സിനേഷൻ നൽകിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും സ്ഥാപനത്തിന്റെ ലൈസൻസ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ആയതിനാൽ പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ,എടത്തിരുത്തി(സർക്കിൾ) നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

(ഓഡിറ്റ് എൻകൗയറി നം.13/06.08.2024)

പ്രൊജക്ട്	പദ്ധതി പ്രകാരം നൽകേണ്ട തുക	നൽകിയ തുക	തിയതി	ഗുണഭോക്താവിന്റെ പേര്
വീട് വാസയോഗ്യമാക്കൽ (ജനറൽ),13/24	50000/-	25000	16.03.2024	അബ്ദുൾ റഹ്മാൻ
	50000/-	25000	16.03.2024	ഖദീജ
ലൈഫ് ഭവനം(ജനറൽ),12/24	400000/-	40000 100000	15.05.2023 05.01.2024	ഷെറീന
	400000/-	40000 160000 100000	16.03.2023 03.06.2023 19.08.2023	തങ്ക കിഴക്കേടത്ത്
	400000/-	40000 100000	01.06.2023 02.02.2024	ലീല കൊരട്ടി
	400000/-	40000 100000	03.06.2023 05.01.2024	രഞ്ജിത്ത്
	400000/-	40000 100000	17.06.2023 26.03.2024	ആമിന

1-30 നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ,ചെന്ത്രാപ്പിന്നി(സർക്കിൾ) നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.(ഓഡിറ്റ് എൻകൗയറി

നം.14/06.08.2024)

പ്രൊജക്ട്	പദ്ധതി പ്രകാരം നൽകേണ്ട തുക	നൽകിയ തുക	തിയതി	ഗുണഭോക്തൃവിന്റെ പേര്
വീട് വാസയോഗ്യമാക്കൽ (എസ്.സി),17/24	100000/-	50000	23.11.2023	മീനാക്ഷി
	100000/-	50000	23.11.2023	ശോഭ തിലകൻ
	100000/-	50000	26.03.2024	സുശീല
ലൈഫ് ഭവനം(എസ്.സി),15/24	400000/-	40000	08.06.2023	ശ്യാമള അയനിക്കാട്
	400000/-	40000 100000	16.05.2023 14.03.2024	സജീഷ് തുപ്രാടൻ
	400000/-	40000	18.11.2023	സരള.കെ.വി
	400000/-	40000	18.11.2023	സുമതി
	400000/-	40000	26.03.2024	അനിൽകുമാർ.ടി.കെ (നാളിതുവരെ തറപണി തുടങ്ങിയിട്ടില്ല)
	400000/-	40000	26.03.2024	ശിവരാമൻ(നാളിതുവരെ തറപണി തുടങ്ങിയിട്ടില്ല)
	400000/-	40000	26.03.2024	അംബിക(നാളിതുവരെ തറപണി തുടങ്ങിയിട്ടില്ല)

1-31 മെയിന്റനൻസ് ഫണ്ട് റോഡ്:-തുക നഷ്ടപ്പെട്ടു

2023-24 വർഷം മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ ആകെ വകയിരുത്തിയ തുക 1,80,46,000/-(സുലേഖ പത്രിക പ്രകാരം). ചെലവ് ചെയ്തിരിക്കുന്ന തുക 26,99,590/- രൂപയും. അതായത് വകയിരുത്തിയ തുകയുടെ 15% മാത്രമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം വകയിരുത്തിയ തുകയിൽ അടുത്ത വർഷത്തേയ്ക്ക് ക്യാരിഫോർവേഡ് ചെയ്യാവുന്ന തുക 20% തുകയായ 36,09,200/- മാത്രമാണ്. അതായത് തൻവർഷം വികസന പ്രവർത്തനത്തിന് ചെലവ് ചെയ്യാമായിരുന്ന തുകയായ 1,17,37,210/- പഞ്ചായത്തിന് നഷ്ടപ്പെട്ടു.ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.21/07.08.2024) ലഭ്യമാക്കിയ മറുപടി

“2023-24 സാമ്പത്തിക വർഷത്തിൽ മൈന്റെനൻസ് ഫണ്ട് വകയിരുത്തിയ സ്റ്റിൽ ഓവർ പ്രവൃത്തികളിലും പുതിയ പ്രവർത്തികളിലും ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പൈപ്പ് ലൈൻ പ്രവർത്തികൾ തൻവർഷം നടന്നുവന്നിരുന്നു. പൈപ്പ് ലൈൻ പ്രവർത്തികൾ പൂർത്തീകരിച്ച് വാട്ടർ അതോറിറ്റി അധികൃതർ സൈറ്റ് ഹാൻഡ് ഓവർ ചെയ്യാൻ വൈകിയതുമൂലം പ്രസ്തുത പ്രവർത്തികളുടെ റെസ്റ്റോറേഷൻ ആരംഭിക്കുവാൻ കാലതാമസം നേരിട്ടിട്ടുണ്ട്. ആയതിനാലാണ് 2023-24 സാമ്പത്തിക വർഷത്തിൽ മൈന്റെനൻസ് ഫണ്ട് വകയിരുത്തിയ പ്രവർത്തികൾ ചെയ്യാൻ കഴിയാതെ വരികയും മൈന്റെനൻസ് ഫണ്ട് ഇനത്തിൽ ചിലവ് കുറഞ്ഞു പോകുകയും ചെയ്തത്. നിലവിൽ ജൽ ജീവൻ മിഷൻ പ്രവർത്തികൾ പൂർത്തീകരിച്ച് കൈമാറിത്തന്ന റോഡുകളുടെ റെസ്റ്റോറേഷൻ, ടാറിങ്ങ് എന്നീ പ്രവർത്തികൾ നടന്നുവരുന്നുണ്ട് ” എന്നാണ്. ജൽജീവൽ മിഷൻ പ്രവർത്തികൾ നടക്കുന്ന റോഡുകൾ ഒഴിവാക്കി ഇതര റോഡുകൾക്ക് ഫണ്ട് വകയിരുത്തിയിരുന്നെങ്കിൽ ഇത്തരത്തിൽ ഫണ്ട് നഷ്ടപ്പെടാതെ വികസനപ്രവർത്തനത്തിന് ഉപയോഗിക്കാമായിരുന്നു. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-32 തൻവർഷം എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ്എഞ്ചിനീയർ
തൻവർഷം എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

SL. No	Project Number	Name Of Project	AS Amount	Agreement Date	Contractor
1	230/24	ഡി എം പൊറ്റേക്കാട് റോഡ്- വാർഡ്1	1890000	22/02/2024	Hashim M M
2	231/24	പല്ല കടലായികുളം റോഡ്- വാർഡ് 1	719963	21/11/2023	Hashim M M
3	233/24	ഐഎച്ച്ഡിപി ബണ്ട് റോഡ്-വാർഡ് 1	826076	29/01/2024	Hashim M M
4	235/24	കെ സി കാളിക്കുട്ടി റോഡ് -വാർഡ് 1	298241	29/01/2024	Hashim M M
5	240/24	അയ്യംമ്പടി കോളനി റോഡ്-വാർഡ്2	267518	29/01/2024	Hashim M M
6	243/24	ആർസിയുപി ചർച്ച് റോഡ് -വാർഡ് 3	442533	22/11/2023	Hashim M M
7	246/24	ഗാന്ധി റോഡ് -വാർഡ് 3	130815	29/01/2024	Hashim M M
8	247/24	പണിക്കശ്ശേരി കടവ് റോഡ് - വാർഡ് 3	233192	29/01/2024	Hashim M M
9	248/24	ശാസ്ത്രി റോഡ് - വാർഡ് 3	175395	29/01/2024	Hashim M M
10	250/24	എടത്തിരുത്തി മധുരംപ്പിള്ളി റോഡ് - വാർഡ് 3	810000	02/03/2024	Sajeevan P A
11	251/24	ഗാന്ധി കോളനി-വാർഡ്4	375260	11/12/2023	Hashim M M
12	253/24	മഠത്തിക്കുളം പുളിക്കൽ സെന്റർ-വാർഡ് 5	555664	21/11/2023	Hashim M M
13	254/24	ഓൾഡ് മദ്രസ്സ റോഡ്-വാർഡ് 5	160315	29/01/2024	Hashim M M
14	255/24	മധുരംപ്പിള്ളി ഉപ്പുംതുരുത്തി-വാർഡ് 5	879727	22/11/2023	Balagopal E
15	258/24	മാവുംവളവ് റോഡ്-വാർഡ് 5	533102	22/11/2023	Hashim M M
16	264/24	പട്ടോടി റോഡ് - വാർഡ് 7	572557	21/11/2023	Hashim M M
17	268/24	കമ്മായി റോഡ് - വാർഡ് 5	1267921	11/12/2023	Hashim M M
18	272/24	കണ്ണനാംകുളം ഹാൾ റോഡ്-വാർഡ് 11	310500	22/02/2024	Hashim M M
19	276/24	എലുവത്തിങ്കൽ റോഡ് -വാർഡ് 12	759567	22/11/2023	Balagopal E
20	279/24	സർദ്ദാർ സെക്കന്റ് റീച്ച്- വാർഡ് 12	1530000	20/01/2024	Jamal C A
21	288/24	രാമകുളം റോഡ് വാർഡ് 13	884700	29/01/2024	Hashim M M
22	290/24	എറാക്കൽ റോഡ്- വാർഡ് 14	1372888	15/12/2023	Balagopal E
23	293/24	ഐ എച്ച് ഡി പി കോളനി റോഡ്	1216321.00	30/12/2023	Balagopal E
24	294/24	എരായ്ക്കൽ റോഡ് -13,15,14,4	2200000	16/03/2024	Jamal C A
25	296/24	ചിറക്കൽ പള്ളി ഉപ്പുംതുരുത്തി റോഡ്	1100000	16/03/2024	Mishel Krishna
26	298/24	സർദാർ സെക്കന്റ് റീച്ച്	500000	02/03/2024	Jamal C A
27	300/24	ഇൻഡിപെൻഡൻസ് റോഡ്-വാർഡ്4	480523	12/12/2023	C V Rajesh
28	303/24	പൂക്കോട്ട് ക്ഷേത്രം റോഡ്- വാർഡ് 1	227504	29/01/2024	Hashim M M
29	305/24	ചർച്ച് കണക്കൻകടവ് റോഡ്-വാർഡ് 6	456802	11/12/2023	Hashim M M
30	307/24	കരുവാൻപ്പടി റോഡ് - വാർഡ് 11	499028	22/11/2023	Balagopal E
31	309/24	ജനപ്രിയ റോഡ്- വാർഡ് 11	341100	22/02/2024	Hashim M M
32	312/24	കുരിശുപ്പള്ളി കുറുവൻത്തോട് റോഡ്-വാർഡ്14	230408	12/12/2023	Jamal C A
33	315/24	കൊപ്രകളം കുരിശുപ്പള്ളി റോഡ് -വാർഡ് 14	35686	22/11/2023	Shaji K K
34	319/24	വികെ കുമാരൻ റോഡ്	101770	12/12/2023	Jamal C A
35	321/24	ഫ്രണ്ട്സ് റോഡ്-വാർഡ് 16	370190	29/01/2024	Hashim M M
36	327/24	ചൂലൂർ റോഡ് മദ്രസ്സ ലിങ്ക് റോഡ്-വാർഡ് 18	237038	29/01/2024	Hashim M M
37	328/24	ഖാദർ ഹാജി റോഡ് -വാർഡ് 18	110908	29/01/2024	Hashim M M
38	329/24	രാജീവ് ഗാന്ധി റോഡ് - വാർഡ് 18	213769	12/12/2023	C V Santhosh
39	341/24	ടി എം റോഡ് വാർഡ് - 15	245447	29/01/2024	Hashim M M
40	342/24	ബാല്യാബ്ബോധിനി റോഡ് മൈനറനൻസ് വാർഡ് - 16	1000000	02/03/2024	Sajeevan P A
41	345/24	കുട്ടമംഗലം അയ്യംപടി റോഡ് പൂർത്തീകരണം വാർഡ് - 2	700000	2/3/2024	Sidique P B

ഇക്കാര്യം ചൂട്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.27/08.08.2024) ലഭ്യമാക്കിയ മറുപടി “ഓഡിറ്റ് എൻക്വയറിയിൽ പരാമർശിക്കുന്ന റോഡുകളിൽ ജൽ ജീവൻ മിഷൻ പ്രവർത്തികൾ പൂർത്തീകരിച്ച് വാട്ടർ അതോറിറ്റി യഥാസമയം കൈമാറി തരാത്തതിനാൽ റെസ്റ്റോറേഷൻ പ്രവർത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ ലോകസഭാ ഇലെക്ഷൻ മാതൃക പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ കൈമാറി തന്ന റോഡുകളിൽ പ്രവർത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. മാതൃക പെരുമാറ്റച്ചട്ടം നീങ്ങിയതിനു ശേഷം പ്രവർത്തികൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിരുന്നെങ്കിലും കനത്ത മഴയെ തുടർന്ന് റെസ്റ്റോറേഷൻ പ്രവർത്തിയുടെ ഭാഗമായുള്ള കുഴിയെടുക്കാൻ സാധിച്ചില്ല. റോഡുകൾ വിട്ടുകിട്ടുന്ന

മുറക്കും കാലാവസ്ഥ അനുകൂലമാകുന്ന മുറക്കും പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്" എന്നാണ്. തുടർ വർഷങ്ങളിൽ എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 റോഡ് റീസ്റ്റോറേഷൻ ചാർജ്ജ്- കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കാനുള്ള തുക ഈടാക്കിയില്ല

ജലജീവൻ മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ വിവിധ റോഡുകളിൽ കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ പൊളിച്ചു നീക്കിയിട്ടുണ്ട്.ആയതുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയ്ക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി12/6.8.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1.എത്ര കീമിറ്റർ ദൂരത്തിൽ പൈപ്പുകൾ ഇടുന്നതിനാണ് കേരള വാട്ടർ അതോറിറ്റി അപേക്ഷ നൽകിയിട്ടുള്ളത്.

2.കേരള വാട്ടർ അതോറിറ്റിയുടെ അപേക്ഷ പ്രകാരം നൽകിയിട്ടുള്ള റോഡുകളിൽ മുഴുവനും പൈപ്പുകൾ ഇടുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ.

3.റോഡ് റീസ്റ്റോറേഷൻ ചാർജ്ജിനത്തിൽ 31.03.2024 വരെ ഡിമാന്റ് ചെയ്ത തുക എത്രയാണ് .

4. റോഡ് റീസ്റ്റോറേഷൻ ചാർജ്ജിനത്തിൽ 31.03.2024 വരെ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കാനുള്ള തുക എത്രയാണ്.

5. റോഡ് റീസ്റ്റോറേഷൻ ചാർജ്ജിനത്തിൽ 31.03.2024 വരെ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കാനുള്ള തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ.
ആയതിനാൽ റോഡ് റീസ്റ്റോറേഷൻ ചാർജ്ജിനത്തിൽ കിട്ടാനുള്ള ഡിമാന്റ് കൃത്യമാക്കി ആയത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-34 ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതുമാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദുരിതാശ്വാസ നിധി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയുടെ (നം.30/.08.2024) അടിസ്ഥാനത്തിൽ ബാങ്ക് വിവരങ്ങൾ മാത്രമാണ് ഹാജരാക്കിയത്.(ജില്ലാ സഹകരണബാങ്ക് അക്കൗണ്ട് നം.80008537949) ഇതിനായി അക്കൗണ്ട് ആരംഭിച്ചത് 04.12.2015 ൽ ആണ്. നാളിതു വരെ ആകെ 5019/-രൂപ മാത്രമാണ് വരവുള്ളത്.(പലിശ ഉൾപ്പെടെ) ദുരിതാശ്വാസ നിധി പ്രവർത്തനം ആരംഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. നിധിയിലേക്ക് കൂടുതൽ തുക സമാഹരിക്കുന്നതിനും നടപടികളൊന്നും സ്വീകരിച്ചതായും കാണുന്നില്ല. ദുരിതാശ്വാസ നിധി നല്ല രീതിയിൽ പരിപാലിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തൻവർഷം സംയുക്ത പ്രോജക്ടിന് ലഭിച്ച തുകയിൽ നീക്കിയിരിപ്പില്ല.

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവർത്തിയുടെ പേര്	വൗച്ചർനം. / ചെക്കുനം	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി. കാട്ടൂർ	വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ 168/24	42300204 Dt 23.06.23	451491	0	451491

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 സ്ഥിര നിക്ഷേപം

1	വർഷാരംഭത്തിൽഉണ്ടായിരുന്നസ്ഥിരനിക്ഷേപം	NIL	
2	തൻവർഷംനിക്ഷേപിച്ചതുക	66050000/-	
3	പലിശ	968307/-	
	ആകെ	67018307/-	
4	തന്നാണ്ടിൽപിൻവലിച്ചതുക	0	
5	വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	67018307/-	
6	വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം	നിക്ഷേപത്തിന്റെവിവരം	തുക
		സ്ഥിര നിക്ഷേപം	67018307/-

4-5 വായ്പ/വായ്പാതിരിച്ചടവ്

വായ്പയുടെപേര്/ ഉദ്ദേശ്യം	ഉത്തരവ്നം/ തിയതി	ആകെ വായ്പതുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷംതിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള
				മുതൽ	പലിശ	
ഹഡ്കോലൈഫ്		1940000	1637725	2791892		785833

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീതിനം/ തിയതി

2022-2023 റിപ്പോർട്ട്	01 – 10	1200	മെഡികെയർ ലാബോറട്ടറി	1230303293/28.11.2023

ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 1200/- രൂപയും അക്കൗണ്ട്സിലെ ഷെഡ്യൂൾ I-9(Other Income) പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 211626/- രൂപയും RP-10(Other Income) (R) പ്രകാരം 214136/- രൂപയും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-8 സമാഹൃതറിപ്പോർട്ടിൽഉൾപ്പെട്ടഓഡിറ്റ്ഖണ്ഡികകളുടെവിശദാംശം.

പഞ്ചായത്തിലെമുൻവർഷഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പുപ്രകാരമുള്ളസമാഹൃതറിപ്പോർട്ടിൽഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃതറിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെഅവസ്ഥ
2009-10	2.8	2002-03	3.5	വൈദ്യുതലൈൻവലിക്കൽ നടപ്പിലാക്കിയട് സംബന്ധിചച്രേഖകളുടെ അടിസ്ഥാനത്തിൽതുക തടസ്സപ്പെടുത്തുന്നു	ഓഡിറ്റ്തടസ്സം ഒഴിവാക്കുന്നതിനായി രേഖകള് സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്
2009-10	2.8	2003-04	3.2	തെരുവ്വിളക്കൊൻവലിച്ചെളച്ചം എത്തിക്കൽ പദ്ധതിനടപ്പിലാക്കിയതായി കാണുന്നില്ല.	ഓഡിറ്റ്തടസ്സം ഒഴിവാക്കുന്നതിനായി രേഖകള്സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.
2009-10	2.8	2003-04	2-10(9)	കൃഷിഓഫീസർ ചെലവ് കണക്കുകൾ ഹാജരാക്കിയിട്ടില്ല	ഓഡിറ്റ്തടസ്സം ഒഴിവാക്കുന്നതിനായി രേഖകള്സഹിതം അപേക്ഷസമർപ്പിച്ചിട്ടുണ്ട്.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	102288053
ഓഡിറ്റ് വർഷത്തെ ആകെ വരവ്	52545427
ആകെ	154833480
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	112986982
നീക്കിയിരിപ്പ്	41846498
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

(**ബി**). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	റിമാർക്സ് (CAR/ CASE/ CH/ SCH)
1	1997-98 (ചെലവ്)	LFT19-876/99 Dt. 16.7.99/ 09.08.99	1	10	SCH
2	1998-99	LFT-19/1517/2000 തീ. 23.12.2000/9.2.01	1	69	CAR
3	1999-2000 (ചെലവ്)	LFT-19/903/01 Dt. 28.11.01/01.07.02	2	36	SCH
				44	
4	2000-01	LFT-12 1053/04 Dt. 2.12.04/3.3.05	7	2-9	SCH
				2-10	
				2-15	
				2-16	
				2-17	
				2-18	CAR
				2-20	
5	2000-01, 2001-02 (ജനകീയാസൂത്രണം)	LFT-12/1746/03 Dt. 04.03.04/ 16.06.04	2	7	സർചാർജ് - നോട്ടീസ്
				8	
6	2001-02 (വരവ് - ചെലവ്)	LFT-12/1795/07 Dt. 13.11.08	3	2-1	
				3-2	
				3-3	
7	2002-03	LFT-12/777/08 Dt. 28.07.09/29.09.09	1	3-5	CAR

8	2003-04	LFT-12/778/08 Dt. 28.07.09	5	3-2	CAR
				3-6	
				3-7	
				3-10	CAR
				3-12	
9	2004-05	LFT-12/259/09 തീ.4.5.10/17.7.10	5	3-2	
				3-3	
				3-5	
				3-6	
				3-7	
10	2006-07	LFT-12/1762/09 തീ. 24.09.10	6	3-1	
				3-3	
				3-5	
				3-8	
				3-9	
				3-12	
11	2007-08	LF-T-P12/853/11 Dt. 29.11.11	13	3-5 II	
				3-6	
				3-7	
				3-9	
				3-11	
				3-13	
				3-14	
				3-15	
				3-22	
				3-24	
				3-25	
				3-28	
				3-29	
12	2008-09, 2009-10, 2010-11	LFTP3-1346/12 Dt. 12.03.13	13	2-2(1)(2)(3)	
				2-3(2)(3)	
				3-1	
				3-10	
				3-15	
				3-16	
				3-19	
				3-23	

				3-24	
				3-25	
				3-33	
				3-35	CAR
				3-37	
13	2011-12	LF-T(P3)1101/13 Dt. 17.01.14	7	3-5	
				3-15	
				3-18	
				3-19	CAR
				3-20	
				3-21	
				3-22	
14	2012-13	LF-T(P3)588/14 Dt. 09.02.14	3	3-7(A)(B)(C)	
15	2013-14	KSATSR(P3)218/16 Dt. 15.02.16	7	3-1	
				3-3	
				3-6	
				3-7	
				3-11	
				3-18	
				3-22	
16	2014-15	KSA-TSR(P3)1274/16 Dt. 28.07.16	3	2-1(3), 3-5, 3-10	
17	2015-16	KSA-TSR(P3)2180/16 Dt. 28.01.17	6	2-1	CAR
				2-2	
				3-5	
				3-6	
				3-7	
				3-8	
18	2016-17	KSA-TSR(P3)-1689/17 Dt. 24.11.17/5.12.17	10	2-1	
				2-3	
				2-4(2)	
				3-2	
				3-4	
				3-5	

				3-6	
				3-10	
				3-14	
				3-16	
19	2017-18	KSA-TSR(P3)63/18 Dt. 07.02.19	8	2-1	
				2-2(1)(2)	
				2-6(1)	
				3-10(1)(2)	
				3-11	
				3-14	
				3-15	
				3-16	
20	2018-19	KSA-TSR(P3)368/20 Dt. 21.05.20	49	1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9,1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28,1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 4-1, 4-2, 4-3, 4-4, 4-5, 4-6, 4-7, 4-8, 4-9, 4-10	
21	2019-20	KSA-TSR(P4)1221/21 Dt. 24.03.22	20	1-25, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-47, 4-2,	
22	2020-21	KSA-TSR(P4)1222/21 Dt. 24.03.22	34	1-26, 1-27, 1-28, 1-32, 1-33, 1-35, 1-36, 1-37, 1-38, 1-40, 1-41, 1-42, 1-43, 1-44, 1-46, 1-47, 1-48, 1-49, 1-50, 1-51, 1-52, 1-53, 1-54, 1-55, 1-56, 1-58, 1-59, 1-60, 1-61, 1-62, 3-1, 3-2, 4-1, 4-2	
23	2021-22		42	1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10 (1, 2, 3, 4, 5, 6, 7, 8, 9,10, 11, 12, 13, 14, 15, 16, 17, 18, 19, 20), 1-11, 1-12, 1-13, 1-14,	

				1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 4-1, 4-2, 4-3, 4-4, 4-5, 4-6, 4-7, 4-8, 4-9, 4-10	
24	2022-23	KSA-TSR(P4)1924/23 Dt. 23.12.23	33	1-1, 1-3, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 3-1	
	ആകെ		296		

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 24-06-2024 and submitted on 06-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Edathiruthy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Edathiruthy Grama Panchayat as on 31-03-2024

Date: 23/09/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Edathiruthy Grama Panchayat for the Year 2023-2024.

1.Major Observations

1) The expenditure of projects implemented by Medical Officer Homoeo (Project no.77/24 ,Amount -Rs. 249560/-)
was wrongly booked as Revenue expenditure instead of booking in the head Advance to implementing officers.

2)The expenditure of premonsoon sanitary expenses (Rs 1,80,000/-)wrongly booked as Revenue expenditure instead of Advance to implementing officers.

3)The expenditure of projects implemented by Secretaty (Project no.216/24 -381356/- &336/24 -97,543/-Rs. & 228/24-Rs.87000) and ICDS Supervisor((Project no.148/24-Rs.25000))was wrongly booked as Revenue expenditure instead of Capital expenditure

2.Other Observations

a. Comments relating to Income and Expenditure Account

Expenditure amount of Central Finance commission grant untied mismatch with Grant Statement

2) Liability entered in schedule B4 does not match with B17 Schedule .

	B-4				B -17	
SLÂ□	Head	Particular	Â□Amount	Head	Particular	Amount
1	320100196	ICDS	2256337	450210101	CANARA(ICDS)	2081250
2	-320200104 320200104	Development fund-CFC Grant(Basic tax grant) Development fund-CFC Grant(Tied fund)	4279279 3266169	450210101	Federal(PFMS)	7577231

c. Comments relating to Receipt and Payment Statement

Nil

d. Comments relating to Cashflow Statement

As per accepted accounting standards "Net increase in cash and cash equivalents &"Net cash generated by Operating+Investing+Financing Activity should be the same. However in the the Cash flow Statement submitted by the Panchayath these figures do not match with each other.

e. Comments relating to Ratios

The mandatory Financial Statements prescribed in Accounting Rules-Key ratios are not included as part of Annual Financial statement.

f. Comments relating to Notes to accounts

Notes to accounts are not included as part of Annual Financial statement.

g. Comments relating to Receipt Vouchers

Nil

h. Comments relating to Payment Vouchers

Nil

i. Comments relating to Journal Vouchers

1) Lack of authenticated journal vouchers for supporting the adjustment entries/Prior Period items.

Head(I-19)(I18)	Amount
290800201-Prior period Expense - Administrative Expense	17003
190100101-Prior period income - Property tax	5427

190200401-Prior period income - Property tax	-65726644

2) Authentic certified vouchers and worksheets are not maintained for journal vouchers.
3) Without preparing monthly summary statement, journal voucher, work sheet and statutory permission in writing by the Secretary,one-time demand/reduction of demand/write-off/ exemptions are given in respect of Property tax and Rent revenue.

j. Comments relating to Contra Vouchers

Nil

k. Comments relating to Bank Reconciliation Statement

1)For the amounts accounted under the head Directly credited by bank (Rs5723/-), no steps are taken even though Annual accounts are finalised after several months after its entry in the bank passbook. Details are given below.

Bank	DATE	Amount
SBI(E-payment)(34324810788)	12/2/24	5723/-
	TotalÂ□	5723/-

2)For the amounts accounted under the head Directly debited by bank (Rs.52,119/-), no steps are taken even though Annual accounts are finalised after several months after its entry in the bank passbook. Details are given below.

Bank	Date	Amount
SBI(E-payment)(34324810788)	31.03.24	52,119/-
	Total	52,119/-

l. Comments relating to Demand, Collection and Balance Register

Property tax Register(Current and Arrear)

Property tax residential(Current)

	DEMAND	Collection	Advance	Balance
SANCHAYA	3605622	3572833	6589	28996
AFS	3605622	3711447	8948	30468

Property tax Non residential(Current)

	DEMAND	Collection	Advance	Balance
SANCHAYA	2415603	2376999	2126	42016
AFS	2417071	2235677	2375	44126

Property Tax residential (Arrear)

	DEMAND	COLLECTION	BALANCE
SANCHAYA	26459	24249	2225
AFS	47473	24249	2231

As per annual financial statement

m. Comments relating to Asset Register

The Asset Register is not updated. The Form of the Register does not enable for verifying the existence and value of assets that are shown in the Balance Sheet.

n. Comments relating to Inventory and other Registers

1) Demand wise and page wise total of demand registers are not worked out.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 3
വാർഷികകണക്കുകളുടെ സംക്ഷിപ്തം

Edathiruthy Grama Panchayat
BALANCE SHEET

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	9250617.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	104882.00
312000000	Reserves	B-3	84880517.00
	Total Reserve & Surplus		**94236016.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	14514916.00
	Total Grants, Contributions for Specific Purposes		**14514916.00**
	Loans		
330000000	Secured Loans	B-5	785833.00
331000000	Unsecured Loans	B-6	0.0
	Total Loans		**785833.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	60969284.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	3575490.00
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**64544774.00**
	TOTAL LIABILITIES		**174081539.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	267441.00
412000000	Capital Work in Progress	B-11(b)	3894641.00
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	382097.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	30818293.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	92281886.00
416000000	Accumulated Depreciation	B-11(a)	-68653580.00
	Total Fixed Assets		**58990778.00**
	Investments		
420000000	Investments-General Fund	B-12	67018307.00

Digitally signed by BINOY
Date: 2024.07.06 12:24:3
Reason: Approval
Location: Kerala

421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		**67018307.00**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	1500124.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	41846498.00
460000000	Loans, Advances and Deposits	B-18	4725832.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		**48072454.00**
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		**0.0**
	TOTAL ASSETS		**174081539.00**

Edathiruthy Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	8538065.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	121016.00
140000000	Fee & User Charges	I-4	10724311.00
150000000	Sale & Hire Charges	I-5	584770.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	136808903.00
170000000	Income from Investments	I-7	968307.00
171000000	Interest Earned	I-8	1476980.00
180000000	Other Income	I-9	215516.00
190000000	Prior Period Income	I-19	-65721217.00
	Total Income		**159437868.00**
	EXPENDITURE		
210000000	Establishment Expenses	I-10	14713846.00
220000000	Administrative Expenses	I-11	1504466.00
230000000	Operations & Maintenance	I-12	6744029.00
240000000	Interest & Finance Charges	I-13	1163.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	4217108.00
251000000	Decentralised Plan Programme-Service Sector	I-14(A)	37619132.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	10845573.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	15482676.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	53837700.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	1491156.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	0.0
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0

Digitally signed by BINOY
Date: 2024.07.06 12:24:1
Reason: Approval
Location: Kerala

272000000	Depreciation	I-17(A)	8510264.00
	Total Expenditure		**154967113.00**
	Gross Surplus / Deficit of income over Expenditure		**4470755.00**
	Gross Surplus / Deficit of income over Expenditure		**70174969.00**
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18	17003.00
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		**-65704214.00**

Edathiruthy Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	102199229.00
Cash	Cash	RP-40(a)	88824.00
	Operating		
110000000	Tax Revenue	RP-1	1873722.00
130000000	Rental income from Panchayat Properties	RP-3	88808.00
140000000	Fees & User Charges	RP-4	4496653.00
150000000	Sale & Hire Charges	RP-5	171959.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	13479300.00
171000000	Interest Earned	RP-9	1476980.00
190000000	Prior Period Income	RP-11	0.0
311000000	Earmarked Funds	RP-28	100000.00
320000000	Grants, Funds & Contributions for Specific Purposes	RP-30	16716187.00
431000000	Sundry Debtors (Receivables)	RP-45	11095628.00
460000000	Loans, Advances and Deposits	RP-49	18000.00
	Non Operating		
180000000	Other Income	RP-10	218026.00
330000000	Secured Loans	RP-31	1940000.00
340000000	Deposits Received	RP-33	158553.00
350000000	Other Liabilities	RP-35	711611.00
	Grand total		**154833480.00**
	PAYMENTS		
	Operating		
110000000	Tax Revenue	RP-1	1250.00
220000000	Administrative Expenses	RP-13	11500.00
320000000	Grants, Funds & Contributions for Specific Purposes	RP-30	7767.00
415000000	Annual plan - Capital Expences(Infrastructure Sector)	RP-42	18000.00
431000000	Sundry Debtors (Receivables)	RP-45	1311130.00
460000000	Loans, Advances and Deposits	RP-49	1894976.00
	Non Operating		
340000000	Deposits Received	RP-33	53560.00

Digitally signed by BINOY
Date: 2024.07.06 12:24:2
Reason: Approval
Location: Kerala

350000000	Other Liabilities	RP-35	109688799.00
	Closing Balance		
Bank	Bank	RP-40(b)	41764874.00
Cash	Cash	RP-40(b)	81624.00
	Grand Total		**154833480.00**

JOINT DIRECTOR
DISTRICT AUDIT OFFICE
THRISSUR